

റിപ്പോർട്ട്

○
ജമാൽ കടന്നപ്പള്ളി

# വിദ്യാർഥി വിപ്ലവത്തിന്റെ സാക്ഷ്യമായി എസ്.ഐ.ഒ സമ്മേളന പ്രഖ്യാപനം

**മഹാപ്രവാചകന്മാരുടെ** വിപ്ലവത്തിന്റെ പാദമുദ്രകൾ സ്വാംശീകരിച്ച് കാമ്പസിനകത്തും പുറത്തും സാമൂഹികാവബോധത്തിന്റെ ഉജ്ജ്വല മാതൃകകളായി ചരിത്രം കുറിക്കുമെന്ന് സ്റ്റുഡൻസ് ഇസ്‌ലാമിക് ഓർഗനൈസേഷൻ(എസ്.ഐ.ഒ) പ്രതിജ്ഞയെടുത്തു. 2010 ഡിസംബർ 11-ന് നടക്കാനിരിക്കുന്ന സംസ്ഥാന സമ്മേളനത്തിന്റെ പ്രഖ്യാപനം നടന്ന കണ്ണൂരിലെ കേഡർ കോൺഫറൻസായിരുന്നു രംഗം. 2500 വിദ്യാർഥികളടക്കം 3000ത്തോളം പേർ കണ്ണൂർ പോലീസ് മൈതാനിയിൽ ഫെബ്രുവരി 13,14 തീയതികളിൽ ഒത്തുചേർന്നത് അവിസ്മരണീയമായ അനുഭവമായി. കേഡർ കോൺഫറൻസ്, വിദ്യാർഥി റാലി, പൊതുസമ്മേളനം എന്നിവയായിരുന്നു പരിപാടികൾ.

ഫെബ്രുവരി 12-ന് രാത്രി തന്നെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രവർത്തകർ കണ്ണൂരിലേക്ക് ഒഴുകിയിരുന്നു. ത്രസിക്കുന്ന കൗമാര-യൗവ്വനങ്ങൾ തികഞ്ഞ അച്ചടക്കത്തോടെ രണ്ടുനാൾ അല്ലാഹുവിന്റെ മാർഗത്തിൽ സ്വയം ബന്ധിപ്പിച്ചു നിർത്തിയത് തീർച്ചയായും വർത്തമാനകാലത്തിന്റെ സവിശേഷ വിലയിരുത്തലുകൾ ആവശ്യപ്പെടുന്നു. ഇസ്‌ലാമിക പ്രസ്ഥാനം തങ്ങളുടെ അണികൾക്ക് നൽകുന്ന 'തർബിയത്ത്' (ശിക്ഷണശീലങ്ങൾ) ലക്ഷ്യത്തിലെത്തുന്നുണ്ടെന്നതിൽ തീർച്ചയായും പ്രസ്ഥാന സാരഥികൾക്ക് അഭിമാനിക്കാം.

ആദ്യ ദിവസം കാലത്ത് 10 മണിക്ക് എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് പി.എം

സാലിഹ് സമ്മേളന നഗരിയിൽ പതാക ഉയർത്തി, തുടർന്ന് അദ്ദേഹം പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഉദ്ഘാടന സെഷനിൽ അബ്ദുർറഹീം 'ഖുർആനിൽനിന്ന്' അവതരിപ്പിച്ചു. സമ്മേളന ജനറൽ കൺവീനർ ശിഹാബ് പൂക്കോട്ടൂർ സ്വാഗതമാശംസിച്ചു. ജമാഅത്ത് ഇസ്‌ലാമി അഖിലേന്ത്യാ അധ്യക്ഷൻ മൗലാന സയ്യിദ് ജലാലുദ്ദീൻ ഉമരി തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പുതുതലമുറയെ അവരുടെ ഭാരിച്ച ഉത്തരവാദിത്വം ഓർമപ്പെടുത്തി: "ഭൗതിക പൂജയുടെ അസ്തിവാരത്തിൽ കെട്ടിപ്പടുക്കപ്പെട്ട വിദ്യാഭ്യാസത്തെ ധാർമികമൂല്യങ്ങളിലൂടെ പുനഃസംരക്ഷിക്കാനുള്ള കഠിനമായ പ്രയത്നങ്ങൾ വേണ്ടിവന്നിരിക്കുന്നു. വിദ്യാഭ്യാസം മനുഷ്യന്റെ ധാർമിക ശിക്ഷണം വർധിപ്പിക്കുന്നതാവണം. പുരോഗതി എന്നാൽ സാമ്പത്തിക വളർച്ചയാണെന്നത് തെറ്റിദ്ധാരണയാണ്. സംസ്കാരം അന്യമാവുന്ന പുരോഗതി ആ പേരിനർഹമല്ല. അത് വികസനവുമല്ല. സാമ്പത്തിക സുസ്ഥിതിയിൽ പ്രാചീന നാഗരികതകളും ഏറെ മുന്നിലായിരുന്നു. എന്നിട്ടും അവരെ തിരുത്താൻ പ്രവാചകന്മാർ വന്നു. അപ്പോൾ മൗലികമായി വേണ്ടത് ധർമനിഷ്ഠയാണ്. മതമൂല്യങ്ങൾ മാത്രമേ മനുഷ്യജീവിതത്തെ സർഗാത്മകവും സമാധാനപൂർണവുമാക്കുകയുള്ളൂ." പ്രഭാഷണം ടി. ശാക്കിർ പരിഭാഷപ്പെടുത്തി.

തുടർന്ന് പി.എം സാലിഹ് സംസാരിച്ചു. ദൈവികമാർഗത്തിൽ സമയവും സമ്പത്തും ശരീരവും നൽകി ശാന്തമായി പ്രവർത്തിക്കാൻ അദ്ദേഹം അണികളെ ആഹ്വാനം ചെയ്തു. "ബുദ്ധിയും തന്റേടവും അർപ്പണബോധവുമുള്ള പ്രവർത്തകരെയാണ് പ്രസ്ഥാനം ആവശ്യപ്പെടുന്നത്. നാം വെറും സംഘടനയല്ല. മനുഷ്യജീവിതത്തെ സമഗ്രവും സമ്പൂർണവുമായി അല്ലാഹുവിനു സമർപ്പിച്ച പോരാളി സംഘമാണ്. അതുകൊണ്ടുതന്നെ അനീതിക്കെതിരെയുള്ള പോരാട്ടവും ജനസേവന പ്രവർത്തനങ്ങളും നമുക്ക് ദൈവാരാധനയാണ്. സയ്യിദ് ഖുത്ബും സയ്യിദ് മൗദൂദിയും ശൈഖ് അഹ്മദ് യാസീനും അബ്ദുൽ അസീസ് റൻതീസിയും നമ്മുടെ ത്യാഗ ജീവിതത്തിന്റെ ജ്വലിക്കുന്ന മാതൃകകളാവണം. അതിന് ആദ്യം അവരുടെ ജീവിതത്തെ നാം പഠിക്കണം." സംസ്ഥാന ജനറൽ സെക്രട്ടറി എസ്. ഇർഷാദ് അധ്യക്ഷത വഹിച്ചു. എസ്.ഐ.ഒ കർണാടക സ്റ്റേറ്റ് പ്രസിഡന്റ് ശൗക്കത്ത് അലി, *മാധ്യമം* എഡിറ്റർ ഒ. അബ്ദുർറഹ്മാൻ, *ഗൾഫ് മാധ്യമം* പത്രാധിപർ ഹംസ അബ്ബാസ് എന്നിവർ ആശംസകൾ നേർന്നു. അടുത്തത് പോയകാല സാരഥികളുടെ ഒത്തുചേരലായിരുന്നു. ഏറെ ഹൃദയസ്പർശിയായിരുന്നു ഈ സെഷൻ. എസ്.ഐ.ഒവിന്റെ പഴയകാല രക്ഷാധികാരി കൂടിയായ ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര കൂടിയാലോചനാസമിതി അംഗം ടി.കെ അബ്ദുല്ല സാഹിബ് ആമുഖ പ്രഭാഷണം നിർവഹിച്ചു. ഇസ്‌ലാമിക പ്രസ്ഥാനവും അതിന്റെ വിദ്യാർഥികളും യുവജനങ്ങളും വനിതാഘടകവും ഒരിക്കലും സംഘടനാ പക്ഷപാതിത്വത്തിലേക്ക് വഴുതരുതെന്ന് ടി.കെ പറഞ്ഞു.

എസ്.ഐ.ഒ കേരളയുടെ ആദ്യ മീഖാത്തിലെ (1983–'85) അധ്യക്ഷൻ പി.പി അബ്ദുൽ ഹകീം സദസ്സിനെ അഭിമുഖീകരിച്ചു. ഐ.എസ്.എൽ പിരിച്ചുവിട്ടശേഷം ശാന്തപുരത്തു നടന്ന യോഗം, ഇസ്‌ലാമിക കലാലയങ്ങൾ മാത്രം കേന്ദ്രീകരിക്കാനുണ്ടായ സാഹചര്യം, 'നാം മനുഷ്യർ നാം ഒന്ന്' എന്ന കാമ്പയിൻ, കലാലയ കോഴക്കെതിരെ നടന്ന സമരങ്ങൾ, ഫാറോക്ക് ദാറുൽ ഇസ്‌ലാം സമ്മേളന അനുഭവങ്ങൾ....... ആദ്യകാല പ്രവർത്തകർ കാഴ്ചവെച്ച അർപ്പണബോധവും അതിജീവിച്ച വെല്ലുവിളികളും പുതിയ തലമുറ സാകൂതം കേട്ടു നിന്നു.

ജി.ഐ.ഒ പ്രഥമ സംസ്ഥാന പ്രസിഡന്റ് കെ.കെ ഫാത്വിമ സുഹ്റയാണ് അടുത്തതായി സംസാരിച്ചത്. തന്റെ മീഖാത്ത്(1984–'88) കടുത്ത മാനസിക സംഘർഷത്തിന്റേതായിരുന്നു. മർഹൂം കെ.സി അബ്ദുള്ള മൗലവിയുടെ ജാഗ്രത്തായ ക്ലാസുകളും കൊണ്ടോട്ടി അബ്ദുർറഹ്മാൻ സാഹിബിന്റെ നിരന്തരമായ പ്രോത്സാഹനവുമാണ് പ്രതിസന്ധികൾ മറികടക്കാൻ സഹായകമായ മുഖ്യ ഘടകങ്ങൾ – ഫാത്വിമ സുഹ്റ പറഞ്ഞു.

1985–'87 ലെ മീഖാത്തിലെ കേരള പ്രസിഡന്റും തുടർന്ന് അഖിലേന്ത്യാ അധ്യക്ഷനുമായിരുന്ന പി.സി ഹംസയാണ് പിന്നീട് സദസ്സിനെ അഭിമുഖീകരിച്ചത്. ബാംഗ്ളൂർ സമ്മേളനത്തിലെ മലയാളി സാന്നിധ്യം, ഡയറി വിവാദം, *യുവസരണി*യുടെ പിറവി, സർഗസംഗമ യൂണിറ്റുകൾ, IRW യുടെ മുൻഗാമിയായ 'സോഷ്യൽ സർവീസ് സ്കീമിന്റെ' ജനനം എന്നിങ്ങനെ വിപ്ലവ പ്രവർത്തനങ്ങളുടെ നാഴികക്കല്ലുകൾ ഓർത്തെടുത്ത് പി.സി കടന്നുപോയി.

എം.ഐ അബ്ദുൾ അസീസ്(1989–'91) വിദേശത്തായിരുന്നതിനാൽ സുഊദി അറേബ്യയിലെ ദമാമിൽ നിന്ന് ടെലികോൺഫറൻസ് വഴി സംസാരിച്ചു. സ്വതസിദ്ധമായ നർമത്തിൽ പൊതിഞ്ഞ് എം.ഐയുടെ വാക്കുകൾ വിദ്യാർഥികൾ ആസ്വദിച്ചു.

കെ.എ യൂസുഫ് ഉമരിയുടേതായിരുന്നു അടുത്ത ഊഴം. 1993–'95 മീഖാത്തിലെ കൂട്ടിൽ മുഹമ്മദലിയാണ് തുടർന്ന് സംസാരിച്ചത്. ബാബരി മസ്ജിദ് ധ്വംസനാനന്തരമുള്ള ചൂടുപിടിച്ച രാഷ്ട്രീയ സമയമായതിനാൽ ഏറെ സങ്കീർണതകൾ നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ കാലഘട്ടം. ഇലക്ഷൻ പ്രക്രിയയിൽ സജീവമായി പങ്കെടുത്തതും (ഗുരുവായൂർ) അതേതുടർന്നുള്ള ചർച്ചകളും

## ഖാലിദ് മിശ്അൽ

**എസ്.ഐ.ഒ** കേഡർ കോൺഫറൻസിൽ ഫലസ്ത്വീൻ പോരാട്ടങ്ങളുടെ മസ്തിഷ്കമായി അറിയപ്പെടുന്ന ഖാലിദ് മിശ്അൽ വീഡിയോ കോൺഫറൻസിലൂടെ സമ്മേളനത്തെ അഭിസംബോധന ചെയ്യുമെന്ന് നേരത്തേ വാർത്തയുണ്ടായിരുന്നു. എന്നാൽ ആഗോള അമേരിക്കൻ സാമ്രാജ്യത്വത്തിന്റെയും മൊസാദിന്റെയും കണ്ണ് വെട്ടിച്ച് ഖാലിദിന് ഇത് കഴിയുമോ എന്ന് സംഘാടകർക്ക് സംശയമുണ്ടായിരുന്നു. എന്നാൽ, ഒന്നാം ദിവസം സന്ധ്യക്ക് പെട്ടെന്ന് ഖാലിദ് മിശ്അലിനെ ലഭിച്ചു. ടെലികോൺഫറൻസിലൂടെ അദ്ദേഹത്തിന്റെ അഗ്നിവീര്യം തുടിക്കുന്ന ശബ്ദം. യുവസഞ്ചയം ആ ശബ്ദത്തിനു കാതോർത്തു. 'ഇന്ത്യയിലെ മുസ്‌ലിംകൾ ലോകജനതക്ക് പ്രകാശമാതൃകകളാവുക' എന്നു പറഞ്ഞുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ തുടക്കം. എസ്.ഐ.ഒ പ്രവർത്തകർ ഫലസ്ത്വീനു നൽകിയ സാമ്പത്തിക സഹായത്തെ അദ്ദേഹം നന്ദിപൂർവം സ്മരിച്ചു. നാം തമ്മിൽ സമ്പത്തിനപ്പുറത്തുള്ള സുദൃഢമായ ഹൃദയബന്ധമാണുള്ളതെന്നും അത് കാത്തുസൂക്ഷിക്കണമെന്നും അദ്ദേഹം ഉണർത്തി. അധികം സംസാരിക്കുന്നതിനു മുമ്പ് തന്നെ ലൈൻ മുറിയുകയും ചെയ്തു.

കൂട്ടിൽ സ്മരിച്ചു. ജി.ഐ.ഒ മുൻ പ്രസിഡന്റ് പി.വി റഹ്മാബി, എസ്.ഐ.ഒവിനെ 1995–'97 കാലയളവിൽ നയിച്ച ടി.കെ ഫാറൂഖ് തുടങ്ങിയവരാണ് പിന്നീട് സംസാരിച്ചത്.

1997–'98 ൽ പ്രസിഡന്റായ ആർ. യൂസുഫ് ആണ് തുടർന്ന് സംസാരിച്ചത്. മലേഷ്യൻ യൂനിവേഴ്സിറ്റിയിൽ ഉപരിപഠനം നടത്തുന്ന അദ്ദേഹം വീഡിയോ കോൺഫറൻസ് വഴിയാണ് സമ്മേളനത്തെ അഭിസംബോധന ചെയ്തത്. "പ്രവർത്തകർ ഭാവിയെ സജ്ജമാക്കേണ്ടുന്ന ആവശ്യകതയിലേക്ക് അദ്ദേഹം വിരൽ ചൂണ്ടി. "നവോത്ഥാന നായകർ വെട്ടിത്തെളിച്ച വെളിച്ചത്തിന്റെ പാത നാം വിസ്മരിക്കരുത്. ഒപ്പം വർത്തമാനത്തെ സ്വാംശീകരിക്കാൻ നാം ഇജ്തിഹാദ് നടത്തേണ്ടതുണ്ട്. പാരമ്പര്യത്തെയും പരിഷ്ക്കരണത്തെയും യഥാവിധി സമന്വയിപ്പിക്കാൻ നമുക്കാവണം." ആറു വർഷം ജി.ഐ.ഒ പ്രസിഡന്റായിരുന്ന (1999–2005) സൗദ പടന്ന അനുഭവങ്ങൾ പങ്കുവെച്ചു. എസ്.ഐ.ഒ മുൻ അഖിലേന്ത്യാ പ്രസിഡന്റ് ബിശ്റുദ്ദീൻ ശർഖിയാണ് തുടർന്ന് സംസാരിച്ചത്.

ശേഷം സംസാരിച്ചത് കെ.എ ശഫീഖ് (2001 –2002) ആണ്. എസ്.ഐ.ഒ സമ്പൂർണ വിദ്യാർഥി പ്രസ്ഥാനമെന്ന സ്ഥാനത്തേക്ക് ഉയർന്ന സങ്കീർണ വേളയുടെ തുടക്കമായിരുന്നു അത്, മീഖാത്തിന്റെ തുടക്കത്തിൽ ടി.എ ഫൈസ് ബാബുവായിരുന്നു പ്രസിഡന്റ്. ഒരുതരം അക്കാദമിക് കാലമായിരുന്നു തങ്ങളുടേത് – ശഫീഖ് പറഞ്ഞു.

കെ. മുഹമ്മദ് നജീബിന്റെ സാരഥ്യമായിരുന്നു തൊട്ടുടനെ (2003–2004). വിജ്ഞാനത്തെക്കുറിച്ച് ചിലരുടെ വാദകോലാഹലം തികച്ചും അനാവശ്യമായിരുന്നുവെന്നാണ് നജീബിന്റെ പക്ഷം. തന്റെ കാലഘട്ടത്തിൽ സംഘടനയെ ഭദ്രമാക്കുന്നതിലാണ് ഊന്നൽ നൽകിയത്.

1999 –2000 ലെ പ്രസിഡന്റ് വി.ടി അബ്ദുല്ല കോയ ഖത്തറിലായിരുന്നതിനാൽ സ്വൽപം വൈകി വീഡിയോ കോൺഫറൻസിലൂടെ പ്രത്യക്ഷപ്പെട്ടു. 12–ാം മീഖാത്തിന്റെ സവിശേഷതകൾ പങ്കുവെച്ചുകൊണ്ട് തുടർന്നു സംസാരിച്ചത് പി.ഐ നൗഷാദാണ് (2005 –2006).

ജി.ഐ.ഒ മുൻ പ്രസിഡന്റ് കെ.പി സൽവ 2006–2008 കാലത്തെ പ്രസ്ഥാ

## അസ്സാം തമീമി

**ലോക** പ്രശസ്ത ഇസ്‌ലാമിക ചിന്തകനും മാധ്യമപ്രവർത്തനകനുമായ അസ്സാം തമീമി വീഡിയോ കോൺഫറൻസിലൂടെ എസ്.ഐ.ഒ പ്രവർത്തക സംഗമത്തെ അഭിമുഖീകരിച്ചു. ജീവിക്കുന്ന ഇസ്‌ലാമിക സാക്ഷ്യങ്ങളാവാൻ അദ്ദേഹം വിദ്യാർഥികളെ ഉണർത്തി. ഇസ്‌ലാമിക പ്രസ്ഥാനം എവിടെയും ഒറ്റക്കല്ലെന്ന് അദ്ദേഹം ഓർമിപ്പിച്ചു. മസ്ജിദുൽ ഹറാമിനെയും മസ്ജിദുൽ അഖ്സയെയും വിശുദ്ധ ഖുർആൻ ചേർത്തു പറഞ്ഞതിലെ യുക്തി തിരിച്ചറിയപ്പെടേണ്ടതുണ്ട്. ഫലസ്ത്വീൻ അന്യാധീനപ്പെട്ടപ്പോഴാണ് ആഗോള മുസ്‌ലിംകൾക്ക് അധഃപതനമുണ്ടായത്. അതിനാൽ ഫലസ്ത്വീൻ വിമോചനത്തെ പ്രാർഥനയിലൂടെയെങ്കിലും ലോക മുസ്‌ലിംകൾ ഹൃദയങ്ങളിൽ ചേർത്തുവെക്കേണ്ടതുണ്ട് –അദ്ദേഹം കൂട്ടിച്ചേർത്തു.

നാനുഭവങ്ങൾ പങ്കിട്ടു. ശബീന ശർഖിയുടേതായിരുന്നു അടുത്തം ഊഴം.

2007–2008ലെ എസ്.ഐ.ഒ പ്രസിഡന്റ് സി. ദാവൂദാണ് ശേഷം സദസ്സിനെ അഭിമുഖീകരിച്ചത്. സ്വാശ്രയ കോളേജുകളുടെ കൂട്ടിക്കിഴിക്കലുകൾക്കിടയിൽ വിദ്യാഭ്യാസം ഒരു പ്രശ്നമായ കാലത്താണ് തന്റെ ടീം വന്നെതെന്നു ദാവൂദ് പറഞ്ഞു. 'യുവത്വം ദുഷിച്ചു പോയി' എന്ന പല്ലവിക്ക് വലിയ അടിസ്ഥാനമില്ല. നുറുങ്ങു വെട്ടങ്ങൾ എല്ലായിടത്തുമുണ്ട്. എസ്.ഐ.ഒ തീർച്ചയായും ഭാവികേരളം കെട്ടിപ്പടുക്കുന്നതിൽ നിർണായക പങ്ക് വഹിക്കുക തന്നെ ചെയ്യുമെന്ന് ദാവൂദ് തറപ്പിച്ചു പറഞ്ഞു. 1987–'89, 1991–'93 മീഖാത്തുകളിലെ എസ്.ഐ.ഒ പ്രസിഡന്റും ഇപ്പോൾ ഹൽഖാ അമീറുമായ ടി. ആരിഫലി സമാപന പ്രസംഗം നടത്തി.

രണ്ടാം സെഷനിൽ ജി.ഐ.ഒ പ്രസിഡന്റ് കെ.കെ റഹീന അധ്യക്ഷത വഹിച്ചു. സമൂഹത്തിന്റെ പുനർനിർമാണത്തിൽ യുവതികൾക്ക് നിർണായക പങ്കുണ്ടെന്ന് അവർ ഓർമപ്പെടുത്തി. 'ത്യാഗം, ശഹാദത്ത്' എന്ന വിഷയത്തെ അധികരിച്ച് പി.വി റഹ്മാബി പ്രഭാഷണം നടത്തി. ഇടവേളക്കുശേഷം ശമീർബിൻസിയും ഇംതിനാസ് ബീഗവും നയിച്ച ഗസൽ അരങ്ങേറി.

കേഡർ മീറ്റിന്റെ രണ്ടാം ദിവസം പി.പി അബ്ദുർറഹ്മാൻ തദ്കിറ അവതരിപ്പിച്ചു. ഒന്നാം സെഷനിൽ സലീം പൂപ്പലം സ്വാഗതം പറഞ്ഞു. അമീർ ടി. ആരിഫലി പ്രവർത്തകരോട് സംസാരിച്ചു. എസ്.ഐ.ഒ. പിറന്നു വീഴുമ്പോഴുണ്ടായ കേരളീയ പശ്ചാത്തലം അദ്ദേഹം വിലയിരുത്തി. ഇ.എം.എസ്സിന്റെ ശരീഅത്ത് വിവാദവും തുടർന്ന് ഇസ്‌ലാം പഴഞ്ചനാണെന്ന മാധ്യമ–ബുദ്ധിജീവിവർഗ വിലയിരുത്തലുകളും കത്തിനിന്ന കാലമായിരുന്നു അത്. അതുകൊണ്ട് തന്നെ ഇസ്‌ലാമിനെ ബുദ്ധിപരമായി പ്രതിരോധിക്കാനും പ്രബോധനം ചെയ്യാനും സുസജ്ജമായ ഒരു വിംഗ് ആവശ്യമുണ്ടായിരുന്നു. കാലഘട്ടത്തിന്റെ ഈ വലിയ ചോദ്യത്തിനുള്ള ഉത്തരമായിരുന്നു എസ്.ഐ.ഒ. ഇസ്‌ലാം ഒരു സമഗ്രജീവിത പദ്ധതിയാണെന്ന് അക്കാലത്ത് പറഞ്ഞപ്പോഴുണ്ടായ പൊട്ടിത്തെറികൾ പുതിയ തലമുറയെ ആരിഫലി ബോധ്യപ്പെടുത്തുകയും പരിഷ്കരണ സംരംഭങ്ങളുടെ തനത് സ്വഭാവമാണിതെന്ന് ചൂണ്ടി കാട്ടുകയും ചെയ്തു.

ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ ഉപാധ്യക്ഷൻ കെ.എ സിദ്ദീഖ് ഹസൻ 'ജമാഅത്തെ ഇസ്‌ലാമി ഇന്ത്യൻ സാഹചര്യത്തിൽ' എന്ന വിഷയം അവതരിപ്പിച്ചു. രണ്ടു നൂറ്റാണ്ടു കാലം കൊളോണിയൽ ഭരണം അടിച്ചേൽപ്പിച്ച മാനസികാടിമത്തത്തിൽ നിന്നുള്ള വിമോചന പ്രഖ്യാപനമായിട്ടാണ് ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഉയിരെടുത്തത്. സിദ്ദീഖ് ഹസൻ പറഞ്ഞു. 'മതം ദൈവത്തിന്, ഭരണം മനുഷ്യർക്ക്' എന്ന ആശയം അഹങ്കാരികളായ പടിഞ്ഞാറൻ സാമ്രാജ്യത്വ – പൗരോഹിത്യ കൂട്ടുകെട്ടിന്റെ ദുഷിപ്പാണ്. ഇസ്‌ലാമിക ചിന്തയിൽ സംഗതി മറിച്ചാണ്. അവിടെ ദൈവം മാത്രമാണ് പരമാധികാരി. ഇസ്മാമിക ഐക്യവും മാനവിക സാഹോദര്യവും ഒരേപോലെ ജമാഅത്തിന്റെ ലക്ഷ്യങ്ങളാണ്. മുസ്‌ലിം മജ്‌ലിസെ മുശാവറ, പേഴ്സണൽ ലോ ബോർഡ്, ബാബരി മസ്ജിദ് കമ്മിറ്റി തുടങ്ങി ബട്‌ല ഹൗസ് വ്യാജ ഏറ്റുമുട്ടലുകൾ വരെയുള്ള പ്രശ്നങ്ങളിൽ പ്രസ്ഥാനം രചനാത്മകമായ പ്രവർത്തനം കാഴ്ച വെക്കുകയും പലതിനും മുൻകൈയെടുക്കുകയും ചെയ്തത് വെറുതെയല്ല. മറുഭാഗത്ത് എഫ്.ഡി.സി.എ രൂപീകരിച്ചും സ്നേഹ സംവാദങ്ങൾ നടത്തിയും വിഷൻ 2016 പോലുള്ള ബൃഹത് പദ്ധതികൾ ആവിഷ്കരിച്ചും പ്രസ്ഥാനം അതിന്റെ ചരിത്രപരമായ ദൗത്യം നിർവഹിച്ചു വരുന്നു.

'എസ്.ഐ.ഒ ഇന്ത്യൻ സാഹചര്യത്തിൽ' എന്നവിഷയം അഖിലേന്ത്യാ ജനറൽ സെക്രട്ടറി മുഹമ്മദ് റഫീഖ് (ബംഗാൾ) അവതരിപ്പിച്ചു. കെ.നജാത്തുല്ല പ്രസംഗം പരിഭാഷപ്പെടുത്തി. ജി.ഐ.ഒ ഇന്ത്യൻ സാഹചര്യത്തിൽ എന്ന വിഷയം ജി.ഐ.ഒ സംസ്ഥാന സെക്രട്ടറി ശബീനാ ശർബി അവതരിപ്പിച്ചു. സെഷനിൽ മുഹമ്മദ് അസ്‌ലം (എസ്.ഐ.ഒ സംസ്ഥാന സെക്രട്ടറി) അധ്യക്ഷത വഹിച്ചു. പ്രവർത്തക സംഗമത്തിന്റെ സമാപന സെഷനിൽ എസ്.ഐ.ഒ മുൻ കണ്ണൂർ ജില്ലാ പ്രസിഡന്റും സംസ്ഥാന സെക്രട്ടറിയുമായ പി.ബി.എം ഫർമീസ് അധ്യക്ഷനായിരുന്നു. ജമാഅത്തെ ഇസ്‌ലാമി കേരളാ അസി. അമീർ ശൈഖ് മുഹമ്മദ് കാരകുന്നിന്റെ ആവേശോജ്വലമായ സമാപന പ്രസംഗത്തോടെ കേഡർ കോൺഫറൻസിന്റെ തിരിതാണു. കൺവീനർ കെ. സാദിഖ് പ്രാർഥന നടത്തി.

ഞായറാഴ്ച വൈകീട്ട് മൂന്നര മണിയോടെ എസ്.ഐ.ഒവിന്റെ ഉജ്ജ്വല റാലി ആരംഭിച്ചു. അച്ചടക്കബോധത്തിന്റെയും സമർപ്പണസന്നദ്ധതയുടെയും പ്രതീകങ്ങളാണ് തങ്ങളെന്നുദ്ഘോഷിച്ച് പെൺകുട്ടികളുടെ വൻസാന്നിധ്യത്തോടെ ആയിരക്കണക്കിനു വിദ്യാർഥികൾ റാലിയിൽ അണിനിരന്നു. രാജ്യത്തിന്റെ ബഹുസ്വരതയിൽ കത്തിവെക്കുന്ന വിധ്വംസകശക്തികളെ ഒറ്റപ്പെടുത്തുക, കാമ്പസുകളിൽ സ്വതന്ത്രവായു പ്രവേശിപ്പിക്കുക, ലൗ ജിഹാദ് പോലുള്ള കുപ്രചാരണങ്ങൾ തിരിച്ചറിയുക, മതവർഗീതയും സംഘപരിവാർ ഫാഷിസവും രാഷ്ട്രീയ ഫാഷിസവും കാമ്പസുകളെ മലിനമാക്കുന്നത് തടയുക, വിദ്യാഭ്യാസരംഗത്തെ ബുദ്ധിശൂന്യമായ പരിഷ്കാരങ്ങൾ ചെറുക്കുക.... തുടങ്ങിയ മുദ്രാവാക്യങ്ങളും പ്ലക്കാർഡുകളും റാലിയെ ശ്രദ്ധേയമാക്കി.

പൊതുസമ്മേളനം അഖിലേന്ത്യാ അമീർ ജലാലുദ്ദീൻ ഉമരി ഉദ്ഘാടനം ചെയ്തു. ഭക്ഷണവും വസത്രവും പോലെ മനുഷ്യന്റെ മൗലികാവകാശമാണ് വിദ്യാഭ്യാസമെന്ന് അമീർ പറഞ്ഞു. എന്നാൽ ഇവ്വിഷയകമായി സച്ചാർ കമീഷനും മിശ്രാ കമീഷനും പുറത്തുകൊണ്ടുവന്ന വിവരങ്ങൾ ഞെട്ടിക്കുന്നതാണ്. ഇന്ത്യയിലെ മുസ്‌ലിംകളും ദലിതുകളുമടങ്ങുന്ന പീഡിത പിന്നാക്ക വിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്താൻ ഭരണകൂടം തയാറാവണം. ഒപ്പം സർക്കാരിന്റെ ഔദാര്യങ്ങൾക്ക് കാത്തുനിൽക്കാതെ തന്നെ ന്യൂനപക്ഷങ്ങൾ സ്വന്തം കാലിൽ നിൽക്കാൻ കരുത്ത് കാട്ടണമെന്നും ഉമരി ആവശ്യപ്പെട്ടു.

സമ്മേളന പ്രഖ്യാപനം ഹൽഖാ അമീർ ടി. ആരിഫലി നിർവഹിച്ചു. നീണ്ടുനിന്ന കരഘോഷത്തോടയാണ് വിദ്യാർഥികൾ അമീറിന്റെ സമ്മേളന പ്രഖ്യാപനം ഏറ്റുവാങ്ങിയത്. "രാജ്യം മുറുകെ പിടിക്കുന്ന മതനിരപേക്ഷതയുടെ അടിസ്ഥാനം ബഹുസ്വരതയാണ്. ബഹുസ്വരത പ്രയോഗത്തിലൂടെ തെളിക്കാൻ മതേതരത്വത്തിന്റെ വക്താക്കൾക്ക് കഴിയുന്നില്ല. എല്ലാ പുഷ്പവും വിടരേണ്ട മലർവാടിയാണ് ഇന്ത്യൻ മതേതരത്വമെങ്കിൽ ചില പുഷ്പങ്ങൾ നുള്ളിക്കളയണമെന്നു പറയുന്നത് എന്തിനാണ്? പർദയെന്ന മാന്യമായ വേഷത്തോട് വിദ്വേഷം പുലർത്തുന്നതെന്തിനാണ്?"– അമീർ ചോദിച്ചു.

എസ്.ഐ.ഒ അഖിലേന്ത്യാ പ്രസിഡന്റ് കെ.കെ സുഹൈൽ ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അസി. അമീർ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ, ജി.ഐ.ഒ. സംസ്ഥാന പ്രസിഡന്റ് കെ.കെ റഹീന, സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാൻ തുടങ്ങിയവർ പ്രസംഗിച്ചു. എസ്.ഐ.ഒ സംസ്ഥാന സംഘാടന ജനറൽ സെക്രട്ടറി എസ്. ഇർശാദ് സ്വാഗതം പറഞ്ഞു. എസ്.ഐ.ഒ കണ്ണൂർ ജില്ലാ പ്രസിഡന്റ് ഫൈസൽ നന്ദി പറഞ്ഞു. ■